# 1

# പുതിയ സമീപനത്തിലേക്ക്

### പരിഷ്കരണത്തിന്റെ പശ്ചാത്തലം

സാർവത്രിക വിദ്യാഭ്യാസത്തിനായി ഒട്ടേറെ ക്രിയാത്മക നടപടികൾ കൈക്കൊണ്ട സംസ്ഥാനമാണ് കേരളം. എന്നാൽ ഉള്ളടക്കപരമായ മാറ്റങ്ങളിൽ നാം വേണ്ടത്ര ശ്രദ്ധപതിപ്പിച്ചിരുന്നില്ല. സാർവത്രികവൽക്കരണത്തിന്റെ ഭാഗമായി സ്കൂളുകളിൽ ഇടംതേടിയ മഹാഭൂരിപക്ഷത്തിന് താദാത്മ്യം പ്രാപിക്കാൻ കഴിയാത്ത ഉള്ളടക്കം താല്പര്യപൂർവം പഠനപ്രക്രിയയിൽ ഏർപ്പെടുന്നതിന് തടസമായിനിന്നു. സമൂഹത്തിന്റെ ആവശ്യവുമായി ബന്ധപ്പെടുന്ന വിദ്യാഭ്യാസം എന്ന ചിന്തയിലേക്ക് ഇത് നയിക്കപ്പെട്ടു. ഉള്ളടക്കത്തിന്റെ സമഗ്രപരിഷ്ക്കരണത്തിന് ഇതോടെ തുടക്കം കുറിച്ചു. 1997 ൽ 1 മുതൽ 12 വരെ ക്ലാസുകളിലെ സ്കൂൾ വിദ്യാഭ്യാസത്തിന് സമഗ്രമായ പാഠ്യപദ്ധതി രൂപംനൽകാനുള്ള ശ്രമം ആരംഭിക്കുകയുണ്ടായി. പഠിതാക്കളെ കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസം, ഉദ്ഗ്രഥിത ബോധനം, പ്രക്രിയാധിഷ്ഠിത സമീപനം നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ തുടങ്ങി ഒട്ടേറെ സവിശേഷതകൾ ഉൾക്കൊണ്ടതായിരുന്നു ഈ പാഠ്യപദ്ധതി. കുട്ടിയുടെ പ്രകൃതം ഉൾക്കൊണ്ട് അവൻ വളർന്നുവരുന്ന സാമൂഹികവും ഭൗതികവുമായ സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ്, അവനിൽ ഉൾച്ചേർന്നിരിക്കുന്ന നൈസർഗീക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഈ പാഠ്യപദ്ധതി പ്രാധാന്യം നൽകിയിരിക്കുന്നു.

അറിവ് നിർമാണത്തിലൂടെയുള്ള പഠനം, അന്വേഷണാത്മക പഠനം എന്നിവ ക്ലാസ് മുറിക്ക് പുറത്തേക്കു കൂടി പഠനം വ്യാപിക്കുന്നതിന് ഇടനൽകി. അധ്യാപകരുടെ കൂട്ടായ്മയും ആസൂത്രണവും അനിവാര്യമാക്കി. വിദ്യാലയ പ്രവർത്തനങ്ങളിൽ സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞു. ഇനിയും ഒട്ടേറെ മെച്ചപ്പെടലുകൾ ആവശ്യമുണ്ടെന്നിരുന്നാലും കേരള സമൂഹം പൊതുവെ ഈ പാഠ്യപദ്ധതി അംഗീകരിക്കുകയുണ്ടായി.

### ദേശീയ പാഠ്യപദ്ധതിയും കേരളവും

1986 ലെ ദേശീയ വിദ്യാഭ്യാസ നയമാണ് ഒരു ദേശീയ പാഠ്യപദ്ധതി എന്ന ആശയം മുന്നോട്ടുവച്ചത്. ഇതിനായി 1992 ൽ തയാറാക്കിയ കർമപരിപാടി ശിശുകേന്ദ്രീകൃതമായ ഒരു സമീപനമാണ് വിഭാവനം ചെയ്യുന്നത്. ഇതനുസരിച്ചാണ് കേരളത്തിൽ പാഠ്യപദ്ധതി പരിഷ്കരണം നടന്നത്. നാം സ്വീകരിച്ച സൈദ്ധാന്തികവും ദാർശനികവും ചരിത്രപരവുമായ സമീപനങ്ങൾ ദേശീയപാഠ്യപദ്ധതി ചട്ടക്കൂടും ഏതാണ്ട് സ്വീകരിച്ചിരിക്കുന്നു എന്നത് കേരളത്തിന്റെ വിദ്യാഭ്യാസകാഴ്ചപ്പാടുകൾക്കുള്ള അംഗീകാരമായി കണക്കാക്കാവുന്നതാണ്.

ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട്ടിലെ നിർദേശങ്ങൾ പരിഗണിച്ചാണ് കേരളത്തിൽ ഇപ്പോൾ പാഠ്യപദ്ധതി പരിഷ്കരണം ആരംഭിച്ചത്. കേരളത്തിൽ മുമ്പ് നടപ്പിലാക്കിയ പാഠ്യപദ്ധതി അനുഭവങ്ങൾ ദേശീയ പാഠ്യപദ്ധതി രൂപീകരണത്തിൽ നിർണായക സ്വാധീനം ചെലുത്തിയ സ്ഥിതിക്ക് നമ്മുടെ കടമയും ഉത്തരവാദിത്വവും കൂടുന്നു. ഒപ്പം ഗുണാത്മക വിദ്യാഭ്യാസത്തിന് സഹായകമായ കൂടുതൽ കർമപരിപാടികൾ കണ്ടെത്തി മുന്നേറുകയും ചെയ്യേണ്ടിയിരിക്കുന്നു.

### കേരള പാഠ്യപദ്ധതി ചട്ടക്കൂടും പാഠ്യപദ്ധതി പരിഷ്കരണവും

ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിനെ അടിസ്ഥാനമാക്കി കേരളപാഠ്യപദ്ധതി ചട്ടക്കൂട് 2007 തയാറാക്കി പാഠ്യപദ്ധതി പരിഷ്കരണത്തിന് നാം തുടക്കം കുറിച്ചു കഴിഞ്ഞു. നിലവിലുള്ള പാഠ്യപ

ദ്ധതിയുടെ അടിത്തറയിൽ നിന്നുകൊണ്ട് വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമവും ഗുണാത്മകവുമാക്കുന്നതിനുള്ള ശ്രമങ്ങളാണ് ഈ പരിഷ്കരണത്തിലൂടെ ലക്ഷ്യമിടുന്നത്.

### പ്രശ്നാധിഷ്ഠിത സമീപനം

ഒട്ടേറെ പ്രശ്നങ്ങൾ നിറഞ്ഞ ഒരു സാമൂഹിക പരിസരത്തിലാണ് നാം ജീവിക്കുന്നത്. ഇത്തരം പ്രശ്നങ്ങളിൽ പലതും കുട്ടിയുമായി നേരിട്ടും അല്ലാതെയും ബന്ധപ്പെടുന്നതാണ്. ഈ പ്രശ്നങ്ങളിൽ ഇടപെടാനും തന്റെ പങ്ക് തിരിച്ചറിഞ്ഞ് പ്രവർത്തിക്കാനുമുള്ള കഴിവും മനോഭാവവും കുട്ടികളിൽ ഉണ്ടാകേണ്ടതുണ്ട്. അതുകൊണ്ടുതന്നെ സാമൂഹിക പ്രശ്നങ്ങളെ നേരിടുന്ന ചെയ്യുന്ന പാഠ്യപദ്ധതി അനിവാര്യമാകുന്നു. സമൂഹത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ തിരിച്ചറിയാനും അവയുടെ കാരണങ്ങൾ കണ്ടെത്താനും മനോഭാവങ്ങൾ രൂപപ്പെടാനും വിവിധ വിഷയങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുകയാണ് ഇവിടെ ചെയ്യുന്നത്. സാമൂഹിക പ്രശ്നങ്ങളെ എട്ട് മേഖലകളാക്കി പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

- ശാസ്ത്രീയമായ സ്ഥല- ജലമാനേജ്മെന്റിന്റെ അഭാവം.
- കൃഷിയെ ഒരു ജീവിതസംസ്കാരമായി കാണാത്ത അവസ്ഥ.
- വിശ്വമാനവൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ.
- അധ്വാനശേഷി വികാസത്തിന്റെ അഭാവം.
- സാംസ്കാരികത്തനിമയെയും അതിന്റെ സ്വതന്ത്രവികാസത്തെയും കുറിച്ച് ധാരണയില്ലായ്മ.
- പാർശ്വവൽക്കരിക്കപ്പെടുന്നവരോടുള്ള പരിഗണനയില്ലായ്മ.
- പരിസരസൗഹാർദപരമായ വ്യവസായവൽക്കരണം, നഗരവൽക്കരണം എന്നിവയെക്കുറിച്ചുള്ള ധാരണക്കുറവ്.
- ശാസ്ത്രീയമായ ആരോഗ്യ- പൊതുജനാരോഗ്യകാഴ്ചപ്പാടിന്റെ അഭാവം.

### വിമർശനാത്മക പഠനം

കുട്ടിക്ക് ലഭിക്കുന്ന വിവരങ്ങളെ വിശകലനം ചെയ്ത് അപഗ്രഥിച്ച് ഇഴചേർത്ത് സൃഷ്ടിച്ചെടുക്കുന്നതാണ് ജ്ഞാനം. ജ്ഞാനനിർമിതി അന്വേഷണ പ്രക്രിയയാണ്. അതിലൂടെ സ്വന്തം ആർജിതബോധത്തെയും അതുസൃഷ്ടിച്ച സമൂഹത്തെയും പ്രകൃതിയെയും വിമർശനാത്മകമായി പരിശോധിക്കുന്നു. വിമർശനം പുതിയ ജ്ഞാനത്തെ നിർമിക്കുന്നതിന്റെ രീതിയായി മാറുന്നു. ഇതിന് വിവരങ്ങൾ ശേഖരിച്ച് കുട്ടി എഴുതിയാൽ മാത്രം പോരാ. വിവരങ്ങളുടെ ഉറവിടങ്ങളെയും അവ രൂപപ്പെട്ട സാഹചര്യങ്ങളെയും ചോദ്യം ചെയ്യേണ്ടതുണ്ട്. കുട്ടികളുടെ ചോദ്യം ചെയ്യാനുള്ള കഴിവ്, അറിവ് ഉല്പാദനത്തിന്റെ നിർണായക ഘടകമായിത്തീരുന്നു. വിമർശാനാത്മക പഠനരൂപം താൻ കണ്ടെത്തേണ്ട ഉത്തരങ്ങളിലേക്കുള്ള ചോദ്യങ്ങൾ ചോദിക്കാൻ കുട്ടിയെ പ്രേരിപ്പിക്കുന്നു.

### സമൂഹിക ജ്ഞാന നിർമിതി

ഒറ്റയ്ക്ക് ഒരാൾ കണ്ടെത്തിയ അറിവ് എന്നൊന്നില്ല. മുൻഗാമികൾ നിർമിച്ച അറിവിന്റെ കൂട്ടിച്ചേർക്കലോ നവീകരിക്കലോ ആണ് പിൻഗാമികൾ ചെയ്തുകൊണ്ടിരിക്കുന്നത്. അങ്ങനെ വരുമ്പോൾ അറിവ് എന്നത് സമൂഹത്തിന്റെ പൊതു സമ്പത്തായി മാറുന്നു. വ്യക്തികളുടെ തനതു

സംഭാവനകളെ അപ്പാടെ നിരാകരിക്കുന്നു എന്നല്ല ഇതിനർത്ഥം. പഠനാവശ്യങ്ങൾ ഉണ്ടാകുന്നത് സമൂഹത്തിൽ നിന്നാണ്. ഉണ്ടായിരുന്ന അറിവുകളിൽ നിന്നാണ് തുടർപ്രവർത്തനം ആരംഭിക്കുന്നതും ഗവേഷണോപാധികൾ സ്വീകരിക്കുന്നതും. ഈ ഉപാധികൾ ഓരോന്നും മറ്റാരൊക്കെയോ രൂപപ്പെടുത്തിയ അറിവുകളിൽ നിന്നാണ് സ്വീകരിക്കപ്പെടുന്നത്.

### അറിവിന്റെ നിർമാണം

താൻ അഭിമുഖീകരിക്കുന്ന പ്രശ്നത്തിന്റെ പരിഹരണത്തിനായി നടത്തുന്ന അന്വേഷണത്തിലൂടെ ശേഖരിച്ച വിവരങ്ങളെ അപഗ്രഥിച്ച് എത്തിച്ചേരുന്ന നിഗമനങ്ങളാണ് അറിവായി രൂപപ്പെടുന്നത്. ആർജിത അറിവിനെ പ്രയോജനപ്പെടുത്തിയാണ് കുട്ടി പുതിയ അറിവുകൾ നിർമിക്കുന്നത്. സ്വന്തം അറിവിന്റെ അടിത്തറയിൽ നിന്നുകൊണ്ട് പ്രശ്നപരിഹരണത്തിന് സഹായകമായ ചിന്ത നടത്തുകയും അത് പങ്കുവയ്ക്കപ്പെടുകയും കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനായി സമൂഹത്തെയും പരിസരത്തെയും പ്രയോജനപ്പെടുത്തകയും ചെയ്തുകൊണ്ടാണ് അറിവു നിർമാണം പൂർത്തിയാകുന്നത്.

### അറിവുനിർമാണ പ്രകിയയുടെ ഘട്ടങ്ങൾ

സാമൂഹ്യ പ്രശ്നവുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധമുള്ള പഠനപ്രശ്നം കുട്ടി അഭിമുഖീകരിക്കുന്നു. പ്രശ്നത്തിന്റെ പ്രസക്തി തിരിച്ചറിയുന്നു.

↓

പ്രശ്നം ഏറ്റെടുക്കുന്നു ചില അനുമാനങ്ങൾ/കൽപനകൾ രൂപീകരിക്കുന്നു. പ്രശ്നം വിശകലനം ചെയ്യുന്നു.

↓

പ്രശ്നനിർധാരണത്തിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. (എങ്ങനെ, എപ്പോൾ, എന്തൊക്കെ ചെയ്യണം? എങ്ങനെ ചിന്തിച്ചതുകൊണ്ടാണ് താൻ പ്രശ്നനിർധാരണ പ്രവർത്തനങ്ങൾ ഇപ്രകാരം ആസൂത്രണം ചെയ്തത്?) പങ്കുവയ്ക്കുന്നു.

↓

പ്രശ്നനിർധാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

- വിവരശേഖരണം
- ശേഖരിച്ച വിവരങ്ങളുടെ ക്രമീകരണം
- അപഗ്രഥനം
- നിഗമനരൂപീകരണം

↓

- നിഗമനങ്ങൾ ന്യായീകരിക്കൽ
- ചിന്തയെക്കുറിച്ചുള്ള ചിന്ത (Metathinking)
- സംവാദം

↓

കൂടുതൽ തെളിവുകൾ/ഉദാഹരണങ്ങൾ അന്വേഷിക്കൽ, പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കൽ

↓

- നിലവിലുള്ള ജ്ഞാനവുമായി/അവസ്ഥയുമായി തട്ടിച്ചുനോക്കൽ
- നിലപാടുകൾ സ്വീകരിക്കൽ, പ്രതികരിക്കൽ
- സ്വയം വിലയിരുത്തൽ
- രൂപീകരിച്ച ആശയവുമായി ബന്ധപ്പെട്ട കൂടുതൽ ആഴങ്ങളിലേക്ക് പുതിയ പഠനപ്രശ്നങ്ങൾ ഏറ്റെടുക്കൽ

**പഠനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്**

പഠനം എന്നത് അറിവു നിർമിക്കുന്ന പ്രക്രിയയാണ്. പഠിതാക്കളുടെ ജീവിതപരിസരത്തു നിന്നാണ് പഠനം ആരംഭിക്കേണ്ടത്. പഠിതാവും ചുറ്റുപാടുകളുമായുള്ള നിരന്തര സമ്പർക്കത്തിലൂടെയാണ് ജ്ഞാനം നിർമിക്കപ്പെടുന്നത്. ജീവിതത്തിലെ ഓരോ അനുഭവവും ഒരു പുതിയ ആശയരൂപീകരണത്തിന് കാരണമാകുന്നു. ഇങ്ങനെ നേടിയ ആശയങ്ങൾ നേരത്തെ രൂപപ്പെടുത്തിയ ആശങ്ങളോടു കൂട്ടിച്ചേർത്ത് സ്വയം അറിവ് നിർമിക്കുകയാണ് പഠിതാക്കൾ ചെയ്യുന്നത്.

അതായത് പഠനം
*അറിവിന്റെ സൃഷ്ടിയാണ്.*
*പ്രശ്ന നിർധാരണമാണ്.*
*സ്വാഭാവികമായ ഒരു പ്രക്രിയയുടെ ഉല്പന്നമാണ്.*

പഠിതാക്കൾ ജന്മനാ ജിജ്ഞാസുക്കളും പ്രതികരണശീലം ഉള്ളവരുമാണ്. എന്നാൽ പഠിതാവിന്റെ മനസ് ഒരു കാര്യത്തിൽ തൽപരമാവണമെങ്കിൽ നിലവിലുള്ള അറിവുകൊണ്ട് പരിഹരിക്കാനാവാത്ത ഒരു പ്രശ്നം ഉയർന്നുവരണം. പഠനത്തിനായുള്ള ആന്തരികമായ ചോദനം അതോടെ ശക്തമാകുന്നു. അതുവരെ നേടിയ മുന്നറിവുകളിൽ പ്രസക്തമായവ പഠിതാവ് പ്രയോജനപ്പെടുത്തുന്നു. നിശ്ചിത മേഖലയിൽ തന്നെക്കാൾ കൂടുതൽ അറിവുള്ള ആളുകൾ, മറ്റ് ഉപകരണങ്ങൾ എന്നിവയുടെ സഹായം പ്രയോജനപ്പെടുത്തുന്നു. ശേഖരിച്ച വിവരങ്ങൾ അപഗ്രഥന നിഗമനത്തിലൂടെ പുതിയ അറിവ് നിർമിക്കുന്നു. അറിവിനെ പ്രയോഗിച്ച് ഉറപ്പിക്കുന്നു. പുനരനുഭവങ്ങളിലൂടെ പ്രസ്തുത അറിവ് ബലപ്പെട്ട് ആർജിതജ്ഞാനത്തിന്റെ ഭാഗമാകുന്നു.

**ആശയരൂപീകരണം ലക്ഷ്യമിടുന്ന പഠനം**

പ്രശ്നാധിഷ്ഠിത സമീപനത്തിന് പ്രാമുഖ്യം നൽകുന്ന പാഠ്യപദ്ധതിയിൽ പ്രശ്നമേഖലകളുമായി ബന്ധപ്പെട്ട ആശയങ്ങളുടെ രൂപീകരണത്തോടൊപ്പം നിശ്ചിത വിഷയങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങളുടെ രൂപീകരണവും ലക്ഷ്യമിടുന്നു. പ്രശ്നാശയം കൊണ്ടുദ്ദേശിക്കുന്നത് ഓരോ പ്രശ്നമേഖലയിലും നിശ്ചിത ക്ലാസിലെ ഉപപ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കുട്ടി രൂപീകരിക്കേണ്ട ധാരണകളാണ്. പ്രശ്നമേഖലയിലെ ആശയങ്ങളുടെ രൂപീകരണം വിവിധ വിഷയങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയാണ് പൂർത്തീകരിക്കുന്നത്. അതൊടൊപ്പം തന്നെ ഓരോ വിഷയത്തിലൂടെയും കടന്നുപോകുമ്പോൾ അതാതു വിഷയവുമായി ബന്ധപ്പെട്ട ശേഷികളും നേടേണ്ടതുണ്ട്. ഭാഷയിൽ വിഷയവുമായി ബന്ധപ്പെട്ട ആശയം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വ്യവഹാരരൂപങ്ങളും ഭാഷാവസ്തുതകളുമാണ്. വ്യവഹാരരൂപങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങളിൽ നിന്നാണ് പ്രശ്നമേഖലയുമായി ബന്ധപ്പെട്ട ആശയരൂപീകരണം സാധ്യമാകുന്നത്. ഇവിടെ നിശ്ചിത വ്യവഹാരരൂപം പരിചയപ്പെടുന്നതിലൂടെ അതിന്റെ സവിശേഷതകളും അതിൽ പ്രയോഗിച്ചിരിക്കുന്ന പദങ്ങൾ, വിശേഷണങ്ങൾ, പ്രയോഗങ്ങൾ, ശൈലി തുടങ്ങിയവും കുട്ടി തിരിച്ചറിയുന്നു. ആവിഷ്ക്കാരതലത്തിൽ ഇത് പ്രയോഗിക്കുന്നതിലൂടെ കുട്ടിയുടെ സ്വന്തമാകുന്നു.

ഭാഷാവസ്തുതകളുടെ വെളിച്ചത്തിൽ വ്യവഹാര രൂപങ്ങളുടെ തലം നിർണയിച്ചു കൊണ്ടായിരിക്കണം ഭാഷാപരമായ ആശയം പ്രസ്താവിക്കേണ്ടത്. പ്രശ്നവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അളവുപരമായി പറയാനും വ്യാഖ്യാനിക്കാനുമാണ് ഗണിതം സഹായകമാകുന്നത്. പ്രശ്നമേഖലയുമായി ബന്ധപ്പെട്ട ആശയരൂപീകരണം നടക്കുന്നതോടൊപ്പം ഗണിതപരമായ ആശയങ്ങളും കൈവരിക്കുന്നതോടെയാണ് പ്രശ്നപരിഹരണത്തിന് ഗണിതം ഉപയോഗിക്കാനുള്ള കഴിവ് കുട്ടി നേടുന്നത്. പ്രശ്ന മേഖലയിലെ ആശയങ്ങൾക്ക് പരിസര പഠനവുമായാണ് കൂടുതൽ ബന്ധമുള്ളത്. ഇവിടെ ഉള്ളടക്കപരമായ കാര്യങ്ങളാണ് വിഷയവുമായി ബന്ധപ്പെട്ട ആശയം. ആശയരൂപീകരണം നടക്കുന്നത് പ്രക്രിയാശേഷികളെ പ്രയോജനപ്പെടുത്തിക്കൊണ്ടാകയാൽ ഇവയുടെ വികാസവും പരിസരപഠനത്തിൽ ലക്ഷ്യമിടുന്നുണ്ട്.

### ബുദ്ധിയുടെ ബഹുതല സിദ്ധാന്തവും പഠനവും

ബുദ്ധിയെക്കുറിച്ച് ഗാർഡ്നറുടെ സിദ്ധാന്തങ്ങൾ ബോധന രീതിയെ കാര്യമായി സ്വാധീനിച്ച ഘടകമാണ്. ബഹുമുഖബുദ്ധിയെ (Multiple Intelligence) സംബന്ധിച്ച സിദ്ധാന്തങ്ങൾ പ്രകാരം ബുദ്ധിയുടെ തലങ്ങളെ എട്ടായിതിരിച്ചിരിക്കുന്നു. ഭാഷാപരമായ ബുദ്ധി, യുക്തി ചിന്താപരവും ഗണിതപരവുമായ ബുദ്ധി, സംഗീതപരമായ ബുദ്ധി, ശാരീരിക ചലനപരമായ ബുദ്ധി, ദൃശ്യ-സ്ഥലപരബുദ്ധി, വ്യക്ത്യാന്തരബുദ്ധി, ആന്തരിക വൈയക്തിക ബുദ്ധി, പ്രകൃതിപരമായ ബുദ്ധി, എന്നിവയാണവ. മസ്തിഷ്ക്കത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വ്യത്യസ്ത കഴിവുകളുമായി ബന്ധപ്പെട്ടതാണെന്ന തിരിച്ചറിവിന് ഈ സിദ്ധാന്തം കാരണമായിത്തീർന്നു. ബുദ്ധിയുടെ ഈ തലങ്ങൾ എല്ലാവരിലുമുണ്ട്. അർഹമായ അനുഭവങ്ങൾ കിട്ടുമ്പോൾ ഇവ സമ്പുഷ്ടമാകും. മസ്തിഷ്ക വളർച്ച ദ്രുതഗതിയിൽ നടക്കുന്ന ചെറിയ പ്രായത്തിൽ തന്നെ ബുദ്ധിയുടെ ബഹുമുഖ വികാസത്തിന് സഹായകമായ പ്രവർത്തനങ്ങൾ ഒരുക്കികൊടുക്കേണ്ടത് ആവശ്യമാണ്.